**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 97** **29-01-2024 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് വിമാനത്താവളത്തിന്റെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കരിപ്പൂരിലെ കോഴിക്കോട് വിമാനത്താവളത്തിന്റെ വികസനം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; | (എ) | കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ റൺവേ വികസനത്തിനായി 19.10.2023 ന് 5.0763 ഹെക്ടർ (12.543 ഏക്കർ) ഭൂമി ഏറ്റെടുത്ത് എയർപ്പോർട്ട് അതോറിറ്റിയ്ക്ക് കൈമാറിയിട്ടുണ്ടായിരുന്നു. റിസ വികസനത്തിനായി ടെണ്ടർ അവാർഡ് പൂർത്തീകരിക്കുകയും 2024 ഫെബ്രുവരി മാസം പ്രവൃത്തികൾ ആരംഭിക്കുന്നതുമാണ്. |
| (ബി) | റിസ വികസനത്തിനായി ഭൂമി ഏറ്റെടുത്തു നൽകിയതിന്റെ അടിസ്ഥാനത്തിൽ റൺവേ വികസനത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കാമോ; | (ബി) | കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ റൺവേ വികസനത്തിനായി 19.10.2023 ന് 5.0763 ഹെക്ടർ (12.543 ഏക്കർ) ഭൂമി ഏറ്റെടുത്ത് എയർപ്പോർട്ട് അതോറിറ്റിയ്ക്ക് കൈമാറിയിട്ടുണ്ടായിരുന്നു. റിസ വികസനത്തിനായി ടെണ്ടർ അവാർഡ് പൂർത്തീകരിക്കുകയും 2024 ഫെബ്രുവരി മാസം പ്രവൃത്തികൾ ആരംഭിക്കുന്നതുമാണ്. |
| (സി) | വിമാനത്താവള വികസനത്തിന് സ്ഥലം ഏറ്റെടുത്തപ്പോൾ അടഞ്ഞുപോയ എയർപോർട്ട് ബെൽറ്റ് റോഡിന് പകരം പുതിയ റോഡിന് സ്ഥലം ഏറ്റെടുത്ത് നിർമ്മിക്കുന്ന നടപടി സ്വീകരിക്കുമോ; | (സി) | കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ റൺവേ വികസനത്തിനായി സ്ഥലം ഏറ്റെടുത്തപ്പോൾ അടഞ്ഞുപോയ എയർപ്പോർട്ട് ബെൽറ്റ് റോഡിനു പകരം പുതിയ റോഡ് നിർമ്മിക്കുന്നതിനായി കൊണ്ടോട്ടി എം.എൽ.എ, ജില്ലാ കളക്ടർ, എയർപ്പോർട്ട് ഡയറക്ടർ, കൊണ്ടോട്ടി നഗരസഭ ചെയർമാർ, പൊതുമരാമത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ റോഡ്സ്, എക്സ്പർട്ട് കമ്മിറ്റി ചെയർമാൻ എന്നിവരുടെ നേതൃത്വത്തിൽ സംയുക്ത സ്ഥലപരിശോധന നടത്തിയിരുന്നു. പാലക്കാപ്പറമ്പ് - പിലാത്തോട്ടം മുൻസിപ്പൽ റോഡിനോട് ചേർന്ന് റോഡിന്റെ ഇരുവശത്തും 8 മീറ്റർ വീതിയിൽ പി.ഡബ്ല്യൂ.ഡി റോഡ് നിർമ്മിക്കുന്നതിന് ആവശ്യമായ ഭൂമി ഏറ്റെടുക്കുവാനും, എയർപ്പോർട്ട് അതോറിറ്റിയുടെ കൈവശത്തിലുള്ള ഭൂമിയിലൂടെ ക്രോസ്സ് റോഡ് |

| | | | |
|---|---|---|---|
| | | | നിർമ്മിക്കുന്നതിന് എയർപ്പോർട്ട് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. |
| (ഡി) | കോഴിക്കോട് വിമാനത്താവളത്തിൽ വലിയ വിമാനങ്ങൾ ഇറങ്ങുന്നതിനും കൂടുതൽ ആഭ്യന്തര-അന്താരാഷ്ട്ര സർവീസുകൾ നടത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ഡി) | റെസ വികസനം പൂർത്തിയാകുന്നതോടെ കോഴിക്കോട് വിമാനത്താവളം വലിയ വിമാനങ്ങൾ ഇറങ്ങുന്നതിനും കൂടുതൽ ആഭ്യന്തര - അന്താരാഷ്ട്ര സർവീസുകൾ നടത്തുന്നതിനും സജ്ജമാകും. |

സെക്ഷൻ ഓഫീസർ